പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2465

06.12.2018 ൽ
മറുപടിക്ക്

## സിമന്റ് വില പിടിച്ചുനിർത്തുവാൻ നടപടി

ചോദ്യം
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

മറുപടി
ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സിമന്റ് വില കുത്തനെ കൂട്ടുന്നകാര്യം പരിശോധിക്കുമോ; | എ) & ബി) | സംസ്ഥാനത്ത് സിമൻറിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമൻറ്സ് വളരെ നിർണ്ണായകമായ ഒരു പങ്കു വഹിക്കുന്നുണ്ട്. കേരളത്തിൽ മലബാർ സിമൻറിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമൻറിന്റെ 6 മുതൽ 8 ശതമാനത്തോളമാണ്. മലബാർ സിമന്റ്സിന്റെ വില മറ്റ് ബ്രാൻഡുകളെക്കാൾ താരതമ്യേന കുറവാണ്. മറ്റ് സമാന ബ്രാൻഡുകൾ 425 രൂപ മുതൽ വിൽക്കുമ്പോൾ മലബാർ സിമന്റിന്റെ എം.ആർ.പി. 400 രൂപയാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നും സിമന്റ് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള കടത്തു കൂലി കയറ്റിയിറക്കുകൂലി, മറ്റ് ചെലവുകൾ എന്നിവയാണ് കേരളത്തിൽ സിമന്റ് വില വർദ്ധിക്കുന്നതിനുള്ള കാരണം. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം മൂലം മലബാർ സിമന്റ്സ് ഉല്പാദനം കുറഞ്ഞപ്പോൾ മറ്റു ബ്രാൻഡുകൾ വില കൂട്ടുകയുണ്ടായി. സിമന്റ് നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളായ ലാറ്ററൈറ്റ്, ഫ്ലൈ ആഷ് ഉടങ്ങിയവ കേരളത്തിന് പുറത്തുനിന്നാണ് കൊണ്ട് വരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ ചിലവിൽ അവിടെ തന്നെ കിട്ടുന്നതുകൊണ്ടാണ് ചെലവ് കുറച്ച് നിർമ്മിക്കാൻ സാധിക്കുന്നത്. കേരളത്തിൽ വിപണനം നടത്തുന്ന സിമന്റ് കമ്പനികളോട് വില നിയന്ത്രിക്കണമെന്ന് ആവശ്യപ്പെടുന്നതിന് നിയമപ്രകാരം കഴിയില്ല. കൂടാതെ കേരളത്തിൽ പ്രധാന ഉൽപാദകരായി മലബാർ സിമന്റ്സ് ലിമിറ്റഡ് മാത്രമേ ഉള്ളൂ. |
| ബി) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ മാത്രം സിമന്റ് വില വർദ്ധിപ്പിക്കുന്നത് എന്തുകൊണ്ടെന്ന് പരിശോധിക്കുമോ; | | |

| | | | |
|---|---|---|---|
| സി) | മലബാർ സിമന്റ് പോലുള്ള സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ സിമന്റ് ഉൽപ്പാദനം വർദ്ധിപ്പിച്ച് പൊതുവിപണിയിലെ സിമന്റ് വില പിടിച്ചുനിർത്തുവാൻ നടപടി സ്വീകരിക്കുമോ; | സി) | കേരളത്തിലെ മൊത്തം സിമന്റ് വിപണിയുടെ 6% മുതൽ 8% വരെ മാത്രമാണ് മലബാർ സിമന്റ്സ് ലിമിറ്റഡ് വിൽക്കുന്നത്. കേരളത്തിലെ സിമന്റ് വില നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സിന് ഒരു നിർണ്ണായകമായ പങ്കുണ്ട്. നവീകരണ വിപുലീകരണ പദ്ധതികളിലൂടെ മലബാർ സിമൻറ്സിൻെറ ഉൽപ്പാദനവും വിപണന സംവിധാനങ്ങളും വർദ്ധിപ്പിച്ച് സിമൻറ് വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മലബാർ സിമൻറ്സിൻെറ വാളയാർ പ്ലാൻറിൻെറ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കമ്പനിയിലെ വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി ഡീലർമാരുടെ ഒരു യോഗം 22-11-18 ന് വിളിച്ചു ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| ഡി) | സിമന്റ് വില വർദ്ധിക്കുന്നത് നിർമ്മാണ മേഖലയെ ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | ഉണ്ട്. നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുവായ സിമന്റിന്റെ വില മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂട്ടിയിട്ടില്ല. ഇപ്പോഴും മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ സിമന്റ് വില മറ്റുള്ള പ്രമുഖ കമ്പനികളുടെ സിമന്റ് വിലയുമായി തട്ടിച്ചുനോക്കിയാൽ കുറവാണ്. സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിലേയ്ക്കായി സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗം 29.7.2016 നും 10.05.2017 നും വിളിച്ചു ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. "ലൈഫ് മിഷൻ" പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13.9.2017 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ച ചേർത്ത യോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ